പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5658 02.07.2019-ന് മറുപടിയ്ക്ക്

## പെരുങ്കടവിളയിൽ ചികിത്സാധനസഹായം

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ : | | മറുപടി<br>ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്കിൽ എത്രപേർക്കാണ് പിന്നാക്ക ക്ഷേമ വകുപ്പിന്റെ ചികിത്സാധന സഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ചികിത്സാധന സഹായ പദ്ധതികളൊന്നും നിലവിൽ നടപ്പിലാക്കുന്നില്ല. |
| (ബി) | ആകെ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നുള്ള വിവരം ലഭ്യമാക്കുമോ ; | (ബി) ബാധകമല്ല |
| (സി) | പെരുങ്കടവിള ബ്ലോക്കിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യസംരക്ഷണത്തിനായി ഈ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെരുങ്കടവിള ബ്ലോക്കിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 321 ഗുണദോക്താക്കൾക്ക് ചികിത്സാധന സഹായമായി 56,63,500 രൂപ അനുവദിച്ചിട്ടുണ്ട്. പെരുങ്കടവിള ബ്ലോക്ക് ഉൾപ്പെടെ എല്ലാ പ്രദേശത്തേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നെടുമങ്ങാട് ഐ.റ്റി.ഡി.പി. മുഖേന അടിയന്തിര ചികിത്സാധനസഹായമായി 5000/- രൂപ വരെയും വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25,000/- രൂപ വരെയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1,00,000/-രൂപ വരെയും അനുവദിച്ചു നൽകി വരുന്നുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നെടുമങ്ങാട് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, വിതുര താലൂക്ക് ഹോസ്പിറ്റൽ, മെഡിക്കൽ കോളേജ്, എസ്.എ.ടി, ശ്രീചിത്ര, ആർ.സി.സി തുടങ്ങിയ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകി വരുന്നു. കൂടാതെ തിരുവനന്തപുരം മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. |

Bindu T

സെക്ഷൻ ഓഫീസർ